# പത്രക്കുറിപ്പ്

31.12.2016 തിയ്യതി ന്യൂഇയർ ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് സിറ്റിയിൽ വാഹനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ഗതാഗത നിയന്ത്രണ-ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1) നഗരത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ വാഹനങ്ങളെയും നഗരാതിർത്തിയിൽ തടഞ്ഞ് നിർത്തി കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷം മാത്രമേ നഗരത്തിലേക്ക് കടത്തി വിടുകയുള്ളൂ.

2) 31.12.2016 തിയ്യതി രാത്രി 07.00 മണിയ്ക്ക് ശേഷം ഒരു കാരണവശാലും ഇരുചക്രവാഹനങ്ങൾക്ക് ബീച്ചിലേക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

3) നഗരത്തിൽ അനധികൃതമായി പാർക്ക് ചെയ്ത് ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വാഹനങ്ങൾക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതായിരിക്കും.

4) ബീച്ചിലും പരിസരങ്ങളിലും അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരെയും മോട്ടോർ സൈക്കിൾ റേസിംഗ് നടത്തുന്നവർക്കെതിരെയും വാഹനം പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5) രാത്രി 10.00 മണിയ്ക്ക് ശേഷം ബീച്ചിൽ നിന്നും പൊതുജനങ്ങൾ കഴിവതും ഒഴിഞ്ഞുപോകണമെന്ന് നിർദേശിക്കുന്നു.

6) ഒരാൾ മാത്രം യാത്ര ചെയ്യുന്ന എല്ലാ വാഹനങ്ങളും നഗരത്തിലേക്ക് പ്രവേശിക്കാതിരിക്കാൻ കഴിവതും ശ്രമിക്കേണ്ടതാണ്.